**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ സർവകലാശാലയിലെ മലയാളം അസോഷ്യേയേറ്റ് പ്രൊഫസർ റാങ്ക് പട്ടികയിലെ ഒന്നാംറാങ്ക് ജേതാവിന് നിയമനം നൽകുന്നതിനായി സർവകലാശാല എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ സർവ്വകലാശാല മലയാളം പഠന വകുപ്പിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് 22.09.2021ന്റെ പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് ഓൺലൈനായി ലഭ്യമായ അപേക്ഷകൾ 02.11.2021 ന ചേർന്ന സ്ക്രീനിംഗ് കമ്മറ്റി പരിശോധിക്കുകയും ഉദ്യോഗാർത്ഥികളുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം സെലക്ഷൻ കമ്മറ്റി 18.11.2021 ന ഓൺലൈനിൽ പൂർത്തിയാക്കി റാങ്ക് പട്ടിക തയാറാക്കുകയുണ്ടായി. ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിയുടെ അധ്യാപന പരിചയത്തിൽ UGC യുടെ Faculty Development Programme മുഖേന ഗവേഷണത്തിന് ചിലവഴിച്ച കാലയളവ് ഉൾപ്പെട്ടിരുന്നു. ഇത്തരം കാലയളവ് അധ്യാപന പരിചയമായി കണക്കാക്കുന്നതിൽ UGC യിൽ നിന്നും സർവകലാശാല ഉപദേശം തേടിയിരുന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. Faculty Development Programme മുഖേന ഗവേഷണത്തിന് ചെലവഴിച്ച കാലയളവ്, സർവ്വകലാശാല ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസ് തസ്തികയിലെ അന്യത്ര സേവനം എന്നിവ അധ്യാപന പരിചയമായി കണക്കാക്കാമെന്ന നിയമോപദേശം ലഭ്യമായതിന് ശേഷം സെലക്ഷൻ കമ്മറ്റി തയാറാക്കിയ റാങ്ക് പട്ടിക സർവകലാശാല സിൻഡിക്കേറ്റ് യോഗം അംഗീകരിക്കുകയും തുടർന്ന് താൽക്കാലിക റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. താത്കാലിക റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിയുടെ സർട്ടിഫിക്കറ്റ് പരിശോധന 01.08.2022 ന നടത്തുകയുണ്ടായി. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് നിയമനം | (ബി) | 1. A good academic record with a Ph.D. Degree |

| | | | |
|---|---|---|---|
| | ലഭിക്കുന്നതിനാവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | in the concerned/allied/relevant disciplines.<br><br>2. A Master's Degree with at least 55% marks (or an equivalent grade in a point-scale, wherever the grading system is followed).<br><br>3. A minimum of eight years of experience of teaching and / or research in an academic / research position equivalent to that of Assistant Professor in a University, College or Accredited Research Institution/industry with a minimum of seven publications in the peer-reviewed or UGC-listed journals and a total research score of Seventy five (75) as per the criteria given in Appendix II, Table 2 of UGC Regulation -2018. |
| (സി) | യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യത ഇല്ലാത്ത വ്യക്തിക്കാണ് ഒന്നാം റാങ്ക് നൽകിയത് എന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ; | (സി) | അധ്യാപന പരിചയം സംബന്ധിച്ച് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകുകയും റാങ്ക് പട്ടിക പുനഃക്രമീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വ്യക്തിയുടെ യോഗ്യത സംബന്ധിച്ച് യു.ജി.സി. യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; വിശദമാക്കുമോ; | (ഡി) | കോളേജ് അദ്ധ്യാപകർ UGCയുടെ Faculty Development Programme മുഖേന ഗവേഷണത്തിന് ചിലവഴിച്ച കാലയളവ്<br><br>ഉയർന്ന അദ്ധ്യാപക തസ്തികകളിലെ നിയമനത്തിന് അദ്ധ്യാപന പരിചയമായി കണക്കാക്കുന്നതിൽ UGC യിൽ നിന്നും<br><br>സർവകലാശാല ഉപദേശം തേടിയിരു ന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. |
| (ഇ) | പ്രസ്തുത റാങ്ക് ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ? | (ഇ) | അധ്യാപന പരിചയം സംബന്ധിച്ച് ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം റാങ്ക് പട്ടിക പുനഃക്രമീകരിക്കാനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ